വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*

**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022 ആഗസ്റ്റ് 28


കൈത്താ ആറാം ഞായർ



# സ്നേഹത്തിൽ ഭയത്തിന് ഇടമില്ല

ഉൽപ 8:1-11, ഉത്തമ 6:1-4, വെളി 21: 9-14, യോഹ 6:16-24

## പുതുയുഗത്തിന്റെ ജലയാനങ്ങൾ

കണ്ണെത്താത്ത ജലപ്പരപ്പിൽ ഒഴുകി നടക്കുന്ന ഒരു നൗകയിൽ നിന്നാണ് ഇന്നത്തെ വചനശുശ്രൂഷ ആരംഭിക്കുന്നത്. അന്നുവരെയുണ്ടായിരുന്ന പഴയ ലോകത്തെ വിഴുങ്ങിക്കളഞ്ഞ പ്രളയജലത്തിൽ ഒഴുകിനീങ്ങുന്ന നോഹയുടെ പേടകം. അതിൽ അതുവരെ പരിചയിച്ച ആവാസവ്യവസ്ഥകളിൽ നിന്നും ശീലങ്ങളിൽ നിന്നും അടർത്തിമാറ്റപ്പെട്ട, നോഹയിലൂടെ ദൈവം തെരഞ്ഞെടുത്ത ജീവജാലങ്ങളുടെ ഇണകൾ. അവരിലൂടെ ജനിക്കേണ്ട തലമുറകളാണ് ജലത്താൽ ശുദ്ധീകരിക്കപ്പെട്ട ഭൂമുഖത്തെ നിറക്കേണ്ടത്. പേമാരി അടങ്ങിയിട്ടും കാലുകുത്താൻ നിലം കാണാതെ ആകുലപ്പെട്ടിരിക്കുന്ന അവർക്ക് മുമ്പിലേക്ക് പ്രത്യാശയുടെ ഒളിമിന്നലായി പറന്നെത്തുന്നത് ഒലിവില പേറുന്ന ആ മാടപ്രാവാണ്. ഒരു വലിയ പേടകം ആ കൊച്ചു പക്ഷിയിൽ, അത് വഹിക്കുന്ന പ്രത്യാശയുടെ പച്ചിലത്തണ്ടിൽ, നിരാകുലരാകുകയാണ്. കാലം എത്ര കഴിഞ്ഞിട്ടും ആ ദർശനം ഭയാശങ്കകൾ ഇല്ലാതാക്കുന്ന സമാധാനത്തിന്റെ പ്രതീകമായി മനുഷ്യവർഗത്തിന്റെ സ്മരണയിൽ നിലനിൽക്കുന്നുമുണ്ടല്ലോ.

ഇന്നത്തെ സുവിശേഷത്തിലെ പത്രോസിന്റെ മീൻവഞ്ചി, പുതിയ നിയമത്തിലെ നോഹയുടെ പെട്ടകം തന്നെയാണ്. 'തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി. അവർ ജനിച്ചതു രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽനിന്നത്രേ.' (യോഹ 1 : 12-13)



ആൽഫസ് പത്രോസ്

മണ്ണിൽ നിന്നു മെനഞ്ഞെടുക്കപ്പെട്ട ആദത്തിന്റെ മക്കൾ പുതിയ ആദമായ മിശിഹായിലൂടെ ദൈവമക്കളായി പുനസൃഷ്ടിക്കപ്പെടുന്ന പുതിയ ലോകം. ആ ലോകത്തിലേക്കുള്ള ജനനം, - ആത്മാവിലുള്ള ജനനം - പ്രഘോഷിക്കപ്പെടുന്ന വചനം വിശ്വ സിച്ച് ജലത്താൽ സ്നാനപ്പെടുമ്പോൾ ആണ് സംഭവിക്കുന്നത്. നവീകരിക്കപ്പെട്ട നരവംശമായ സഭയുടെ ജനയിതാക്കളാകാൻ വിളിക്കപ്പെട്ട പന്ത്രണ്ട് പേരാണ് ആ വഞ്ചിയിൽ കാറ്റിലും കോളിലും ഭയന്നു വിറച്ചിരിക്കുന്നത്. ജീവലോകം മുഴുവൻ നോഹയുടെ പെട്ടകത്തി ലായിരുന്നതു പോലെ സഭ പൂർണ മായും ആ വഞ്ചിയിൽ സന്നിഹിത മാണ്.

അവരുടെ ആകുലതകളിലേക്ക് ജലപ്പരപ്പിനു മുകളിലൂടെ നടന്നെത്തുന്ന മിശിഹാ അരുളി ചെയ്യുന്നത് നിത്യമായ പ്രത്യാശയുടെ വചനമാണ്. 'ഭയപ്പെടേണ്ട! ഇത് ഞാനാണ്'

സുവിശേഷത്തിലുടനീളം കർത്താവിന്റെ ഈ സ്ഥൈര്യ പ്പെടുത്തൽ നമുക്ക് കാണാം. 'ധൈര്യമായിരിക്കുക', 'ഭയപ്പെടേണ്ട'. ഒന്നുകൂടി ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. തന്റെ ശിഷ്യഗണ മാകുന്ന സഭയോട് ആണ് അവൻ ഈ വാക്കുകൾ ഏറ്റവും അധികം പറയുന്നത്. ഗലീല തടാകക്കരയിലെ ആദ്യ കണ്ടു മുട്ടലിലും, ഉത്ഥാനത്തിനു ശേഷം നൽകുന്ന ദർശനത്തിലുമെല്ലാം അവന്റെ ആദ്യ വചസ് അതു തന്നെയാണ് : 'ഭയപ്പെടേണ്ട!'

## ആകുലതകളില്ലാതെ

നഷ്ടബോധത്തിന്റെ ആകുലതകൾ ആണ് ഭയത്തിന്റെ ഉറവിടം. പ്രാണൻ , അന്നം, സമ്പത്ത്, സർവ്വോപരി നാം ആയിരിക്കുന്ന നമുക്ക് സുഖകരവും സൗകര്യപ്രദവും ആയിട്ടുള്ള അവസ്ഥ,- ഇതൊക്കെ നഷ്ടപ്പെട്ടു പോകുമോ എന്ന് നാം സദാ ആകുലപ്പെടുന്നു. അജ്ഞാതമായ അനിശ്ചിതത്വം നമ്മെ അസ്വസ്ഥരാക്കുന്നു.

രക്ഷാകര ചരിത്രത്തിലുടനീളം ആകുലതകളിൽ അത്താണിയായാണ് കർത്താവ് തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. വചനത്തിലെ ഏറ്റവും ഋജുവായ ആശ്വാസവചനം ഏശയ്യാ പ്രവാചകനിലൂടെയാണ് നൽകപ്പെട്ടിരിക്കുക:

'നീ എന്റെ ദാസനാണ്. ഞാൻ നിന്നെതിരഞ്ഞെടുത്തു; ഇനി ഒരിക്കലും ഉപേക്ഷിക്കുകയില്ല എന്നു പറഞ്ഞു കൊണ്ട് ഭൂമിയുടെ അതിർത്തികളിൽ നിന്നു ഞാൻ നിന്നെ തിരഞ്ഞെടുത്തു; വിദൂരദിക്കുകളിൽനിന്നു ഞാൻ നിന്നെ വിളിച്ചു.

ഭയപ്പെടേണ്ടാ, ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുക യും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ടു ഞാൻ നിന്നെതാങ്ങിനിർത്തും.

നിന്നെ ദ്വേഷിക്കുന്നവർ ലജ്ജിച്ചു തലതാഴ്ത്തും; നിന്നോട് ഏറ്റുമുട്ടുന്നവർ നശിച്ച് ഒന്നുമല്ലാതായിത്തീരും.

നിന്നോട് ശണ്ഠ കൂടുന്നവരെ നീ അന്വേഷിക്കും; കണ്ടെത്തുകയില്ല. നിന്നോടു പോരാടുന്നവർ ശൂന്യരാകും.

നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരി ക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ടാ. ഞാൻ നിന്നെ സഹായിക്കും.' (ഏശയ്യാ 41 : 9-13)

അവതരിച്ച വചനമാകുന്ന മിശിഹാ തന്റെ ശുശ്രൂഷ സകല ആകുലത കൾക്കും മേൽ തനിക്കുള്ള അധീശ ത്വത്തിന്റെ അടയാളങ്ങളിലൂടെയാണ് നിർവഹിക്കുന്നത്. വിശപ്പിന്റെയും, രോഗത്തിന്റെയും, പൈശാചിക ബന്ധനത്തിന്റെയും, പ്രകൃതിയുടെയും മരണത്തിന്റെയും മേലുള്ള അധികാരം തന്റെ പക്കൽ അണഞ്ഞവർക്ക് ആശ്വാസമേകുന്ന അത്ഭുതങ്ങളായി അവൻ പ്രകടമാക്കി. ഈശോയിൽ ആശ്രയിക്കുന്നവർ ഭൗതികമായവയെ പറ്റി അമിതമായി ആകുലപ്പെടേണ്ടവർ അല്ല. അവന്റെ പദ്ധതി അനുസരിച്ച് നമ്മുടെ നൻമക്കായി എല്ലാം കർത്താവ് ക്രമീകരിച്ച് നൽകും.

'അതിനാൽ എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും, എന്തു ധരിക്കും എന്നു വിചാരിച്ചു നിങ്ങൾ ആകുലരാകേണ്ടാ.

വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്നു നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു.

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെനീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും.

അതിനാൽ, നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനംതന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടു കൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി.' (മത്തായി 6 : 31-34)

## പൂർണതക്ക് മുൻപിൽ

ഭൗമികമായ നമ്മുടെ ആകുലതകൾക്ക് ഐഹികമായ പരിഹാരം മാത്രം മിശിഹായിൽ തേടുന്നത് 'സമൃദ്ധിയുടെ സുവിശേഷം' അന്വേഷിക്കുന്നവരാണ്. അവൻ ആത്യന്തികമായി ഭയത്തെ ഉൻമൂലനം ചെയ്യുന്നത് അവനെത്തന്നെ നമുക്കായി നൽകിക്കൊണ്ടാണ്. അനന്തതക്കു മുൻപിൽ അക്കങ്ങൾ അപ്രസക്ത മാവുന്നതു പോലെയാണ് എല്ലാത്തിന്റെയും തികവായ ഈശോയെ സ്വന്തമാക്കുന്നിടത്ത് നമ്മുടെ കൊച്ചു പ്രശ്നങ്ങൾ അപ്രസക്തമാവുന്നത്.

എന്റെ ദൈവം എനിക്ക് മതിയായവനാണ് എന്ന തിരിച്ചറിവ് സങ്കീർത്തകൻ പങ്കുവയ്ക്കുന്നത് ഇങ്ങനെയാണ് : 'കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും;

എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്.

അഭികാമ്യമായ ദാനമാണ് എനിക്ക് അളന്നു കിട്ടിയിരിക്കുന്നത്;

വിശിഷ്ടമായ അവകാശം എനിക്കു ലഭിച്ചിരിക്കുന്നു.

എനിക്ക് ഉപദേശം നൽകുന്ന കർത്താവിനെ ഞാൻ വാഴ്ത്തുന്നു;

രാത്രിയിലും എന്റെ അന്തരംഗത്തിൽ പ്രബോധനം നിറയുന്നു.

കർത്താവ് എപ്പോഴും എന്റെ കൺമുൻപിലുണ്ട്;

അവിടുന്ന് എന്റെ വലത്തുഭാഗത്തുള്ളതു കൊണ്ടു ഞാൻ കുലുങ്ങുകയില്ല.